പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439 12.06.2012 -ലെ മറുപടി

ചാരുംമൂട് കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി ഡിപ്പോ

ചോദ്യം

ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി ഡിപ്പോ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സാമാന്യം ജനസാന്ദ്രതയുള്ള, വികസിച്ച് വരുന്ന ഒരു ചെറുപട്ടണമാണ് ചാരുംമൂട്. ഇവിടെ നിന്നും മാവേലിക്കരക്ക് 15 കിലോമീറ്ററും അടൂരിന് 13 കിലോമീറ്ററും കായംകുളത്തേക്ക് 13 കിലോമീറ്ററും പന്തളത്തേക്ക് 14 കിലോമീറ്ററും മാത്രമേ ദൂരമുള്ളു. ഇവിടെയെല്ലാം കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോകൾ നിലവിലുണ്ട്. ചാരുംമൂട് വഴി കെ.എസ്.ആർ.ടി.സി. കായംകുളം - പുനലൂർ റൂട്ടിൽ പത്തോളം ചെയിൻ സർവ്വീസ് നടത്തിവരുന്നുണ്ട്. പുറമെ കെ.എസ്.ആർ.ടി.സി. യുടെ ഒട്ടേറെ മറ്റ് സർവ്വീസുകളും ചാരുംമൂട് വഴി കടന്നു പോകുന്നുണ്ട്. ഈ സർവ്വീസുകളെല്ലാം സമീപ ബസ് സ്റ്റേഷനുകളിൽ നിന്നും ഇപ്പോൾ നന്നായി ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുന്നുണ്ട്.<br><br>ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മറ്റ് അധികൃതരോ ഒരുക്കി തന്നാലും തുടർപ്രവർത്തന ചെലവുകൾക്ക് മാത്രം ശരാശരി 50 ലക്ഷം രൂപ പ്രതിവർഷം കെ.എസ്.ആർ.ടി.സി. കണ്ടെത്തേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാദ്ധ്യതകൾ ഒന്നും തന്നെ ഏറ്റെടുക്കുവാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാരണങ്ങളാൽ ചാരുംമൂട്ടിൽ കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം തല്കാലം പരിഗണിക്കാൻ കഴിയില്ല. |
| (ബി) | മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ സ്റ്റേഷൻ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 13 ഡ്രൈവർമാരുടെയും, 2 ബ്ലാക്ക്സ്മിത്തുകളുടെയും, 2 മെക്കാനിക്കുകളുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മാവേലിക്കരയിൽ ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പുതിയ ബസ്സുകൾ അനുവദിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിൽ 43 ഷെഡ്യൂളുകൾ നടത്തുന്നതിനായി 45 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഷെഡ്യൂളിന് ആനുപാതികമായി കണക്കാക്കുമ്പോൾ നിലവിൽ 2 ബസ്സിന്റെ കുറവുണ്ട്.<br><br>പുതിയ ബസ്സുകൾ വാങ്ങുന്നമുറയ്ക്ക് കുറവുള്ള ബസ്സിന്റെ കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ